LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം ജില്ലയിലെ സിറ്റി പോലീസ് സ്റ്റേഷനുകളിൽ സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകൾ

201 (2071) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ സിറ്റി പോലീസ് സ്റ്റേഷനുകളിൽ സിവിൽ പോലീസ് ഓഫീസർമാരുടെ ഒഴിവുകൾ നികത്താതെ കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൊല്ലം ജില്ലാ സായുധസേനയിൽ നിന്നും കൊല്ലം സിറ്റി പോലീസ് സ്റ്റേഷനുകളിൽ അവസാനമായി ട്രാൻസ്ഫർ നടത്തിയത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ ;

(സി) കൊല്ലം ജില്ലയിലെ സിറ്റി പോലീസ് സ്റ്റേഷനുകളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിൽ ഒഴിവുകളില്ല.

(ബി) 3-3-2012-ൽ.

(സി) ബാധകമല്ല.

കരുതൽ തടങ്കലിൽ പാർപ്പിക്കപ്പെട്ടവരുടെ എണ്ണം

202 (2072) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ കരുതൽ തടങ്കലിൽ പാർപ്പിക്കപ്പെട്ടവരുടെ എണ്ണം എത്രയെന്ന വ്യക്തമാക്കാമോ ;

(ബി) സാമൂഹ്യവിരുദ്ധപ്രവർത്തനം തടയൽ നിയമപ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കപ്പെട്ടവരുടെ എണ്ണം എത്രയെന്ന വ്യക്തമാക്കാമോ ;

(സി) ഈ കാലയളവിൽ രജിസ്റ്റർ ചെയ്ത ഏതെല്ലാം കേസ്സുകളിൽ യു.എ.പി.എ. ചുമത്തിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കോഫെപോസ നിയമം, കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം എന്നീ നിയമങ്ങൾ പ്രകാരം ഇതുവരെ 489 പേരെ കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ട്.

(ബി) ഈ കാലയളവിൽ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം 469 പേരെ കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ട്.

(സി) ഈ കാലയളവിൽ 56 കേസ്സുകളിൽ യു.എ.പി.എ. പ്രകാരം കുറ്റം ചുമത്തിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഇന്ത്യാ റിസർവ് ബറ്റാലിയൻ കമാൻഡോ വിംഗ്

203 (2074) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാരും കേന്ദ്ര സർക്കാരും സംയുക്തമായി രൂപം നൽകിയ ഇന്ത്യാ റിസർവ് ബറ്റാലിയൻ കമാൻഡോ വിംഗിൽ എത്ര പേർ ശാരീരിക ക്ഷമത പാസ്സായിയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ കേരളത്തിൽ സുരക്ഷയ്ക്ക് നിയമന ഉത്തരവ് ലഭിച്ചവർ എത്രയെന്നും പ്രസ്തുത ലിസ്റ്റിൽ ഇനി അവശേഷിക്കുന്നവർ എത്രയെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് എന്നാണ് ; ശേഷിക്കുന്നവർക്ക് അടിയന്തരമായി നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഇന്ത്യാ റിസർവ് ബറ്റാലിയനിൽ 313 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ലിസ്റ്റിൽ ഇനി അവശേഷിക്കുന്നവരുടെ എണ്ണം ശേഖരിച്ചു നൽകുന്നതാണ്.

(സി) 2015-ൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നിയമനം നൽകുവാൻ നടപടി സ്വീകരിച്ചു വരുന്നു.

പോലീസ് കംപ്ലയിന്റ് അതോറിറ്റി

204 (2075) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിലെ ക്രിമിനൽ കേസ്സിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അവരുടെ ഭാഗം കൂടി കേട്ടശേഷം ആവശ്യമെങ്കിൽ കർശന നടപടി സ്വീകരിക്കുമോ ;

(ബി) ജനങ്ങളോട്, പോലീസ് സേനാംഗങ്ങൾ മോശമായി പെരുമാറുന്നതു സംബന്ധിച്ച പരാതികളിൽ നടപടി സ്വീകരിക്കുവാനുള്ള അധികാരം കൂടി പോലീസ് കംപ്ലയിന്റ് അതോറിറ്റിക്ക് നൽകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly